# മാധ്യമരംഗത്ത് വിലയ്ക്ക വാങ്ങാനാകാത്തത്...

**ഡി. പ്രദീപ്കുമാർ**

ദിനപ്പത്രങ്ങളിലും മാസികകളിലും 26 ശതമാനം വിദേശ നിക്ഷേപം അനുവദിക്കാൻ കേന്ദ്ര സർക്കാർ ജൂൺ 25ന് കൈക്കൊണ്ട തീരുമാനത്തിനെതിരെ പ്രമുഖ ദിനപത്രങ്ങളും, സാംസ്കാരിക നായകരും രംഗത്തിറങ്ങിക്കഴിഞ്ഞു. ഈ തീരുമാനം ഇന്ത്യൻ പത്രവ്യവസായത്തിന്റെ സ്വാതന്ത്ര്യം തകർക്കുമെന്നാണ് എഡിറ്റേഴ്സ് കോൺഫറൻസിന്റെ അഭിപ്രായം. തീരുമാനം നടപ്പിലാക്കുന്നതോടെ ഉടമസ്ഥരും, പത്രാധിപൻമാരുമെല്ലാം വെറും പാവകളായി മാറുമെന്നാണ് കുൽദീപ് നയ്യാരുടെ ആശങ്ക.

ആഗോളക്കുത്തകകൾക്ക് ഭാരതത്തെ വില്പനയ്ക്ക് വച്ചിരിക്കുന്ന ആഗോളീകരണ-കേന്ദ്രീകരണ നയങ്ങളെ കണ്ണുമടച്ച് പിന്താങ്ങുന്നവരാണ് പത്രങ്ങളിലെ വിദേശ നിക്ഷേപത്തിനെതിരെ ശബ്ദിക്കുന്നവരിൽ മഹാഭൂരിപക്ഷവും. "ലാഭകരമല്ലാത്ത" സ്കൂളുകൾ അടച്ചുപൂട്ടാനും, വിദ്യാഭ്യാസ മാഫിയക്ക് കോടികൾ കൊയ്യാൻ എല്ലാം അവർക്കായി തുറന്നിട്ടുകൊടുക്കാനും സർക്കാരിനെ നിർബന്ധിക്കുന്ന 'മലയാള മനോരമ' പറയുന്നത് നാം വീണ്ടും അടിമത്തത്തിന്റെ വാതിലുകൾ തുറന്നുകൊടുക്കുന്നുവെന്നാണ്. എല്ലാ സേവനമേഖലകളിൽ നിന്നും സർക്കാർ പിൻവാങ്ങുന്നതിനേയും, ലാഭകരമായതെന്തും സ്വകാര്യകുത്തകകൾക്ക് കാഴ്ചവെയ്ക്കുന്നതിനേയും അനുകൂലിക്കുന്ന 'മനോരമ'യും സമാന പ്രസിദ്ധീകരണങ്ങളും പത്രരംഗത്ത് വിദേശ നിക്ഷേപത്തെ എതിർക്കുന്നത് വൈരുദ്ധ്യാത്മകമാണ്.

വിരുദ്ധ താല്പര്യങ്ങളെ പ്രതിനിധീകരിക്കുന്ന 'ദ ഹിന്ദു' മുതൽ 'മലയാള മനോരമ'യും 'ദേശാഭിമാനി'യും വരെയുള്ള പത്രങ്ങൾ എന്തുകൊണ്ടാണ് പത്രരംഗത്തെ വിദേശ പങ്കാളിത്തത്തെ എതിർക്കുന്നത്?

മാധ്യമരംഗത്ത് അമേരിക്കയിലോ, പടിഞ്ഞാറൻ യൂറോപ്പിലോ, ഒരിടത്തും വിദേശ പങ്കാളിത്തത്തിന് സർക്കാരുകൾ അനുമതി കൊടുത്തിട്ടില്ല എന്നതു സത്യം. വിദേശ നിയന്ത്രണമുള്ള പത്രങ്ങൾ ലാറ്റിനമേരിക്കൻ- ആഫ്രിക്കൻ നാടുകളിലെ സർക്കാരുകളെ അമ്മാനമാടുന്നതും, അവിടങ്ങളിൽ കുത്തിത്തിരിപ്പുണ്ടാക്കുന്നതും യഥാർത്ഥ്യം. 26 ശതമാനം ഓഹരി പങ്കാളിത്തത്തോടെ പത്രസ്ഥാപനങ്ങൾ തന്നെ കൈക്കലാക്കാൻ വിദേശ മാധ്യമസ്ഥാപനങ്ങൾക്ക് കഴിയുമെന്ന കാര്യത്തിലും സംശയമില്ല. 26 ശതമാനത്തോളം ഓഹരികൾ തുച്ഛവിലയ്ക്ക് വാങ്ങി വി.എസ്.എൻ.എൽ., ടാറ്റാ സ്വന്തമാക്കിയ സമീപകാല ഉദാഹരണം ഓർക്കുക. എന്തിന്, വെറും 10 ശതമാനം ഓഹരികളുണ്ടെങ്കിൽ പോലും സ്ഥാപനത്തിന്റെ നിയന്ത്രണം കൈയ്യാളാൻ പഴുതുകളുണ്ട്. അതിനാൽ, സർക്കാർ പറയുന്ന നിയന്ത്രണങ്ങൾ കടലാസിൽ മാത്രമൊതുങ്ങുകയും റൂപ്പർട്ട് മർഡോക്കിനെപ്പോലുള്ള മാധ്യമഭീകരർ ഇന്ത്യൻ പത്രസ്ഥാപനങ്ങളെ വിഴുങ്ങുകയും ചെയ്യേക്കാം.

ഇങ്ങനെ സംഭവിക്കുന്ന പക്ഷം, ഇന്ത്യൻ മാധ്യമരംഗത്തിന്റെ സ്ഥിതി എന്തായിരിക്കും? അറിയാനും അറിയിക്കാനുമുള്ള ജനങ്ങളുടെ അവകാശം ഹനിക്കപ്പെടുമോ? ജനാധിപത്യത്തിന്റെ നെടുംതൂണുകളിലൊന്നായി വർത്തിക്കുന്ന പത്രങ്ങൾക്ക് ആ സ്ഥാനം നഷ്ടപ്പെടുമോ? ജനങ്ങളുടെ അഭിപ്രായ രൂപീകരണത്തെ നിക്ഷിപ്ത താല്പര്യങ്ങൾക്കായി വിദേശികൾ 'ഹൈജാക്ക്' ചെയ്യുമോ?

> **സ്വാതന്ത്ര്യാനന്തരം വ്യവസായ ഭീമന്മാർക്കും, സങ്കുചിത താല്പര്യക്കാർക്കുമൊക്കെ, സമൂഹത്തിൽ മാന്യതയും സ്വാധീനവും ലഭിക്കാനുള്ള എളുപ്പവഴിയായും നമ്മുടെ പത്രങ്ങൾ പരിണമിച്ചു.**

നമ്മുടെ പത്രമാസികകൾ പത്രസ്വാതന്ത്ര്യത്തിന്റെ ഉദാത്ത മാതൃകകളാണെന്ന മനോജ്ഞ സങ്കല്പത്തിൽ നിന്നാണ് ഈ ആശങ്കകൾ ഉടലെടുക്കുന്നത്. ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ സുധീരം പോരാടിയ പാരമ്പര്യമുള്ള 'ദ ഹിന്ദു', 'അമൃത് ബസാർ പത്രിക', ' ദ പയനിയർ', 'മാതൃഭൂമി', 'ദേശാഭിമാനി' തുടങ്ങിയ പത്രങ്ങൾക്കൊപ്പം തന്നെ വിദേശാധിപത്യത്തിനും, രാജഭരണത്തിനും കുഴലൂതിയ അഞ്ചാം പത്തികളും ധാരാളമുണ്ടായിരുന്നു; 'മലയാള മനോരമ' തന്നെ ഉദാഹരണം.

സ്വാതന്ത്ര്യാനന്തരം വ്യവസായ ഭീമന്മാർക്കും, സങ്കുചിത താല്പര്യക്കാർക്കുമൊക്കെ, സമൂഹത്തിൽ മാന്യതയും സ്വാധീനവും ലഭിക്കാനുള്ള എളുപ്പവഴിയായും നമ്മുടെ പത്രങ്ങൾ പരിണമിച്ചു. വ്യവസായികളെ പത്രനടത്തിപ്പിൽ നിന്നും മാറ്റിനിർത്തണമെന്ന ആദ്യ പ്രസ്സ് കമ്മീഷന്റെ ശിപാർശ സ്വീകരിക്കാൻ സാക്ഷാൽ നെഹ്രുപോലും തയ്യാറായില്ല. അതിന്റെ ദുരന്തമാണ് ഇന്ത്യയിലെ മാധ്യമരംഗം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. വിരലിലെണ്ണാവുന്ന ഏതാനും പത്രങ്ങൾ ഒഴികെ എല്ലാം ഇന്ന് സ്വദേശി (വ്യവസായ-വാണിജ്യ-സാമുദായിക) കുത്തകകളുടെ കൈയ്യിലാണ്. 'ടൈംസ് ഓഫ് ഇന്ത്യ'യും, 'ഇന്ത്യൻ എക്സ്പ്രസ്സും' കേരള കൗമുദിയും ദീപികയും വരെ ഈ ഗ്രൂപ്പുകളുടെ നിയന്ത്രണത്തിലാണ്.

എന്തിനേറെ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ ജിഹ്വയായി തുടങ്ങിയ 'മാതൃഭൂമി' പോലും ഇന്ന് വ്യവസായിക ഗ്രൂപ്പുകളുടെ കൈപ്പിടിയിലാണ്.

പത്രസ്വാതന്ത്ര്യമെന്നത് ഇവിടെ ഏറ്റവും അധികം തെറ്റിദ്ധരിക്കപ്പെട്ട പദമാകുന്നത് ഇക്കാരണത്താലാണ്. ഇവിടെ സ്വാതന്ത്ര്യം പത്രമുടമകൾക്ക് മാത്രമാകുന്നു. പണ്ടൊക്കെ പ്രതിഭാധനരായ പത്രാധിപൻമാരുടെ മേൽവിലാസമെങ്കിലും ഈ പത്രങ്ങൾക്കുണ്ടായിരുന്നു. ഇപ്പോഴോ, ഉടമയോ അവരുടെ നോമിനികളോ നേരിട്ട് തന്നെ പത്രം നടത്തുന്നു. മാനേജിങ്ങ് എഡിറ്റർ, എക്സിക്യൂട്ടീവ് എഡിറ്റർ എന്ന പദവികളിലൂടെ. സ്വതന്ത്രരായ പത്രാധിപർ ഇന്നൊരു മധുരസ്മരണ മാത്രമാകുന്നു. പത്രസ്വാതന്ത്ര്യവും ഉദാത്തമായ ഒരു ഉട്ടോപ്യയായി അവശേഷിക്കുന്നു. എങ്കിലും രജതരേഖകൾ ഏറെയുണ്ട്.

ഇന്ത്യൻ എക്സ്പ്രസ്സ് ഗ്രൂപ്പുകൾക്ക് അവരുടെ വ്യവസായ താല്പര്യങ്ങൾ സംരക്ഷിക്കേണ്ടതുണ്ട്. 'മലയാള മനോരമയ്ക്കും' അങ്ങനെ തന്നെ. തങ്ങൾക്കെതിരായി സ്വീകരിക്കപ്പെടുന്ന നിലപാടുകളെ മുൻനിർത്തി അവർ ഭരണാധികാരികളെ എതിർക്കുക സ്വാഭാവികം. അത്തരം യാദൃച്ഛികങ്ങൾ ചിലപ്പോൾ ചരിത്രത്തിലെ അപൂർവ്വതകളായി പരിണമിക്കാറുണ്ട്. രാംനാഥ് ഗോയങ്കയ്ക്ക് ഇന്ദിരാഗാന്ധിയുടെ ചില നടപടികളെ എതിർക്കേണ്ടി വന്നത്, അന്തിമമായി അടിയന്തരാവസ്ഥയ്ക്കെതിരായ ചെറുത്തു നില്പായി മാറിയത് ചരിത്രസത്യം. ഇന്ദിരയേയും രാജീവിനേയും എതിർക്കുകയും, അരുൺ ഷൂരിയിലൂടെ അന്വേഷണാത്മക പത്രപ്രവർത്തനത്തിന്റെ ആക്രമണോത്സുകതയിൽ പുത്തൻ അദ്ധ്യായങ്ങളെഴുതി ചേർക്കുകയും ചെയ്തു ഇന്ത്യൻ എക്സ്പ്രസ്സ്, മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാനുള്ള വി.പി. സിങ്ങിന്റെ തീരുമാനത്തിനെതിരെ ജനങ്ങളെ ഇളക്കിവിട്ടതും ഒരേ നയസമീപനത്തിന്റെ വ്യത്യസ്ത പുറങ്ങളാണ്. മധ്യവർഗ്ഗ ഇന്ത്യൻ ജനതയുടെ താല്പര്യങ്ങൾ സംരക്ഷിക്കുക എന്നതായിരിക്കും ആ നയം.

മാറി-മാറി വരുന്ന കേന്ദ്ര സർക്കാരുകളെ നന്നുന്ന 'മലയാള മനോരമയ്ക്കും' തങ്ങളുടെ ബിസിനസ്സ് താല്പര്യങ്ങളും, മറ്റു താല്പര്യങ്ങളും സംരക്ഷിക്കുന്നതിൽ തന്നെയാണ് മുഖ്യതാല്പര്യം.

ഇത്തരം സ്ഥാപിത താല്പര്യങ്ങൾ നമ്മുടെ പത്രങ്ങളുടെ വിശ്വാസ്യതയ്ക്ക് ഏല്പിച്ച കളങ്കം എത്രമാത്രമുണ്ടെന്ന് അടിയന്തരാവസ്ഥ തെളിയിച്ചു. 'കുനിയാൻ പറഞ്ഞപ്പോൾ മുട്ടിലിഴയുകയായിരുന്നു', ഇവർ. ടി.വി.യും, റേഡിയോയും, പത്രങ്ങളും കൂടി 18 മാസം സ്തുതിപാടിയിട്ടും, തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെ ജനങ്ങൾ തൂത്തെറിഞ്ഞത് ഇന്ത്യൻ മാധ്യമരംഗത്തിനേറ്റ കനത്ത പ്രഹരവും, ജനാധിപത്യത്തിന്റെ മഹത്തരമായ വിജയവുമായിരുന്നു.

ഒരു പത്രത്തിന്റെ പോലും പിന്തുണയില്ലാതെ രണ്ട് നിയമസഭാ തെരഞ്ഞെടുപ്പുകളിൽ ബീഹാറിൽ ലാലുപ്രസാദിന്റെ പാർട്ടി ജയിച്ചപ്പോഴും, ഒരൊറ്റ പ്രാവശ്യം പോലും ഒരു പത്രം ഓഫീസിൽ കയറാതെയും, പത്രസമ്മേളനം നടത്താതെയും, ഒരൊറ്റ ടി.വി. പരിപാടിയിൽ മുഖം കാണിക്കാതെയും 98 സീറ്റുകൾ നേടി മായാവതിയുടെ ബി.എസ്.പി. യു.പിയുടെ ഭരണകക്ഷിയായപ്പോഴും, നമ്മുടെ പത്രങ്ങളുടെ ജനസ്വാധീനവും വിശ്വാസ്യതയും പിന്നെയും കൃത്രിമമായി രേഖപ്പെടുത്തപ്പെട്ടു.

(തുടരും)